24261 aupsguruvayoor

AIDED UPPER PRIMARY SCHOOL
GURUVAYUR
॥ विद्याधनम् सर्वधनात् प्रधानम् ॥

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ
## 2022–2023

2023 – 2024
2024 – 2025
2025 – 2026

## എ.യു.പി.എസ് ഗുരുവായൂർ

# ആമുഖം

ഹിന്ദു ഹയർ എലിമെന്ററി സ്കൂൾ ഗുരുവായൂർ എന്ന പേരിലാണ് 1936 മേയ് മാസം 18-ാം തിയ്യതി ഈ സ്ഥാപനം ആരംഭിച്ചത്. മനയിൽ രാമനുണ്ണിവൈദ്യരാണ് ഈ വിദ്യാലയത്തിന്റെ സ്ഥാപകൻ. അദ്ദേഹം തന്നെയായിരുന്നു ഇവിടത്തെ ആദ്യ മാനേജർ.

പിതാവിന്റെ അഭിലാഷമനുസരിച്ച് ഗവൺമെന്റ് നിർത്തലാക്കിയ ചാവക്കാട് എലിമെന്ററി സ്ക്കൂളിന്റെ വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനാവശ്യമായ ഒരു ഹയർ എലിമെന്ററി സ്കൂൾ എന്ന നിലയിലാണ് 23 വിദ്യാർത്ഥികളും ഒരധ്യാപകനും മാത്രമായി ഈ സ്ഥാപനം പ്രവർത്തനമാരംഭിച്ചത്. ചാവക്കാട് എലിമെന്ററി സ്കൂളിന്റെ സ്ഥാപനകനും പ്രധാന അധ്യാപകനും മാനേജരുമായിരുന്നു മനയിൽ ഉണ്ണീരി മാസ്റ്റർ മനയിൽ രാമനുണ്ണി വൈദ്യരുടെ പിതാവാണ്.

ഈ വിദ്യാലയത്തിലെ പ്രഥമ അധ്യാപകരിൽ ഒന്നാം സ്ഥാനം സംഗമേശ്വര അയ്യർ സ്വന്തമാക്കി. തുടർന്ന് പ്രസ്തുത സ്ഥാനം വഹിച്ചവരിൽ ഒൻപതോളം പ്രഥമ അധ്യാപകർ ഈ വിദ്യാലയത്തെ പുരോഗതിയിലേക്ക് നയിച്ചിട്ടുണ്ട്. ഈ വിദ്യാലയത്തിന്റെ പ്രഥമാധ്യാപികസ്ഥാനം വഹിക്കുന്നത് ശ്രീമതി ലിൻഡ ടോണി തലക്കോട്ടൂരാണ്.

ഒരു പരിപൂർണ്ണ ഹയർ എലിമെന്ററി സ്കൂളായി രൂപം പ്രാപിച്ചത് 1941 മേയ് മാസം 5-ാം തിയ്യതിയാണ് 1 മുതൽ 7 വരെ ക്ലാസ്സുകളുള്ള വിദ്യാലയമാണിപ്പോൾ. ഗുരുവായൂരിന്റെ ഹൃദയഭാഗത്ത് ഗുരുവായൂരപ്പനെ വണങ്ങിക്കൊണ്ട് അനേകം മഹത് വ്യക്തികളെ വാർത്തെടുത്ത ഈ വിദ്യാലയം 87-ാം വയസ്സിലേക്ക് ചുവട് വെയ്ക്കുകയാണ്



# അക്കാദമികം

മേഖല : ഭാഷാ ശേഷി വികസനം

പ്രവർത്തനം : എല്ലാ വിദ്യാർത്ഥികളേയും അനായാസമായി എഴുതുവാനും, വായിക്കുവാനും പ്രാപ്തരാക്കുന്നു. ലളിതമായ പുസ്തകങ്ങൾ വായിക്കാൻ കൊടുക്കുകയും ലളിത പദങ്ങൾ എഴുതിക്കുകയും ചെയ്യുന്നു. വാക്കുകൾക്കിടയിലൂടെ, വരികൾക്കിടയിലൂടെ ആവർത്തിച്ച് അക്ഷര സ്ഫുടതയോടെ വായിക്കാനുള്ള പരിശീലനം കൊടുക്കുന്നു. ലെഷർ ടൈം ഉപയോഗിക്കുന്നു.

മേഖല : ഗണിതശേഷി വികസനം

പ്രവർത്തനം : വിഭിന്നങ്ങളായ പ്രവർത്തനങ്ങളിലൂടെ ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. ഗണിത കിറ്റ്, ക്വിസ് മുതലായവ

മേഖല : ഇംഗ്ലീഷ് പഠന പരിപോഷണം

പ്രവർത്തനം : Hearing, Speaking, Reading, - -----learning activitiesലൂടെ ഇംഗ്ലീഷ് പഠനം ഉറപ്പുവരുത്തുന്നു. ഹലോ ഇംഗ്ലീഷ് പരിപാടി ഊർജ്ജിതപ്പെടുത്തുന്നു.

മേഖല : ശാസ്ത്ര പോഷണ പരിപാടി

പ്രവർത്തനം : ലഘുവായ പരീക്ഷണങ്ങളിലൂടെ പഠിച്ച് ശാസ്ത്രപോഷണം സാധ്യമാക്കുന്നു.

മേഖല : ലൈബ്രറി ശാക്തീകരണം

പ്രവർത്തനം : നല്ല ഒരു ലൈബ്രറി സ്ഥാപിച്ച് പരമാവധി പുസ്തകങ്ങൾ ലൈബ്രറിയിലേക്ക് മാറ്റി കുട്ടികൾക്ക് വായിക്കാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കും.

മേഖല : ആധുനീക വത്കരിക്കൽ ലബോറട്ടറി

പ്രവർത്തനം : ലബോറട്ടറി സൗകര്യമില്ലാത്തതിനാൽ പുതിയ ലബോറട്ടറി സ്ഥാപിച്ച് ഇപ്പോൾ ഉള്ള ഉപകരണങ്ങളും കൂടുതൽ ഉപകരണങ്ങളും വാങ്ങിച്ച് പഠന സൗകര്യം ഒരുക്കുക.

| | | |
|---|---|---|
| മേഖല | : | **നാടകകളരി** |
| പ്രവർത്തനം | : | പാഠഭാഗവുമായി ബന്ധപ്പെട്ട നാടകങ്ങൾ, സ്കിറ്റുകൾ എന്നിവ അസംബ്ലിയിലും. വാർഷികത്തിനും അവതരിപ്പിക്കാൻ അവസരമുണ്ടാകും. |
| മേഖല | : | **ജൈവ വൈവിധ്യപാർക്ക്** |
| പ്രവർത്തനം | : | പൂക്കൾ, പക്ഷികൾ,വൃക്ഷങ്ങൾ എന്നിവയാൽ ജൈവവൈവിധ്യപാർക്ക് വിപുലമാക്കുവാൻ ഉദ്ദേശിക്കുന്നു |
| മേഖല | : | **പഠനയാത്രകൾ** |
| പ്രവർത്തനം | : | എല്ലാവർഷവും കുട്ടികളുടെ താൽപര്യത്തിനനുസരിച്ച് വിജ്ഞാനം, മാനസിക ഉല്ലാസം എന്നീ ലക്ഷ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പഠനയാത്രകൾ സംഘടിപ്പിക്കാറുണ്ട്. |
| മേഖല | : | **കലാ-കായിക മേള** |
| പ്രവർത്തനം | : | വർഷങ്ങളായി കലാമേള, കായികമേള എന്നിവയിൽ സജീവമായി പങ്കെടുക്കാറുണ്ട്. കലാമേളയിൽ ഉന്നതസ്ഥാനം കൈവരിക്കാറുമുണ്ട്. |
| മേഖല | : | **ഐ ടി പരിശീലനം** |
| പ്രവർത്തനം | : | കമ്പ്യൂട്ടർകൾ കൂടുതലായി ലഭിക്കേണ്ടതുണ്ട്.ഉള്ള കമ്പ്യൂട്ടർ, പ്രോജക്ടർ എന്നിവവെച്ച് ഐ ടി ക്ലാസ്സുകൾ നടത്തുന്നു |
| മേഖല | : | **ക്ലാസ്സ് പി.ടി.എ സജീവമാക്കൽ** |
| പ്രവർത്തനം | : | ഓരോ മാസവും അതാതു പാഠഭാഗം തീർന്നാൽ കുട്ടികളുടെ പഠനനിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. കുട്ടികളുടെ നിർമ്മാണവസ്തുക്കൾ,പതിപ്പുകൾ, വിവിധ മേഖലയിലെ കഴിവുകൾ എന്നിവ അവതരിപ്പിക്കുന്നു. |
| മേഖല | : | **പച്ചക്കറിത്തോട്ടം** |
| പ്രവർത്തനം | : | ഗ്രോബാഗിൽ മണ്ണ് നിറച്ച് വിവിധ പച്ചക്കറി വിത്തുക്കൾ പാകിവേണ്ട വിധത്തിൽ ശുശ്രൂഷിക്കുന്നു. വെള്ളം നനക്കാൻ ഗ്രൂപ്പുകളെ ചുമതല ഏൽപ്പിക്കുന്നു. |

മേഖല : രചനാ ശില്പശാല

പ്രവർത്തനം : വിദ്യാരംഗം, ബാലസഭ എന്നിവ കൂടുമ്പോൾ വിവിധ വിഷയങ്ങളിൽ രചനകൾ നടത്തി മികച്ചവ കണ്ടെത്തി പ്രദർശിപ്പിക്കുന്നു. അവ പതിപ്പാക്കി മാറ്റി സൂക്ഷിക്കുന്നു.

മേഖല : അഭിമുഖം

പ്രവർത്തനം : വ്യത്യസ്ത മേഖലയുള്ള ആളുകളുമായി സംവദിക്കാനും അഭിമുഖം നടത്താനും സൗകര്യം ഉണ്ടാക്കുന്നു. (കവിത, കഥ, ആരോഗ്യക്ലാസ്സ് തുടങ്ങിയവ)

മേഖല : മെഡിക്കൽ ക്യാമ്പ്

പ്രവർത്തനം : ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് (കുട്ടികൾക്കുണ്ടാകുന്ന അസുഖങ്ങൾ, പകർച്ചവ്യാധികൾ, ബോധവത്കരണം) നടത്തുന്നു.

മേഖല : പോഷകാഹാര പരിപാടി

പ്രവർത്തനം : പാൽ, കോഴിമുട്ട, പഴം, ഇലക്കറികൾ, ധാന്യങ്ങൾ തുടങ്ങിയവ ഭക്ഷണത്തൽ ഉൾപ്പെടുത്തുന്നു.

മേഖല : ഗണിതലാബ്, ഗണിതാന്തരീക്ഷമൊരുക്കുന്നു.

പ്രവർത്തനം : പുതിയ ഗണിത ലാബ് തുടങ്ങേണ്ടതുണ്ട്. അതിലേക്കാവശ്യമായ വസ്തുക്കൾ കുട്ടികൾ നിർമ്മിച്ചവ, രക്ഷിതാക്കളുടെ സഹായം എന്നിവ പ്രയോജനപ്പെടുത്തുന്നതിന് തീരുമാനിച്ചു.

മേഖല : ദിനാചരണം


പ്രവർത്തനം : അതതു മാസങ്ങളിലെ പ്രധാന ദിനങ്ങൾ എസ്. ആർ. ജി. യിൽ ചർച്ചചെയ്ത് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നു.

മേഖല : ടേം മൂല്യനിർണ്ണയം, നിരന്തരവിലയിരുത്തൽ

പ്രവർത്തനം : ടേം മൂല്യനിർണ്ണയം, നിരന്തരവിലയിരുത്തൽ ഓരോ ടേമിലും ദിനം പ്രതി നടക്കുന്നു.

# സ്മാർട്ട് റൂം

* ഓരോ കുട്ടിക്കും പ്രത്യേകം മേശയും കസേരയും, ലാപ്ടോപ്പും
* എൽ.സി.ഡി. പ്രൊജക്ടറോടുകൂടിയ കമ്പ്യൂട്ടർ ലാബ് .
* വളരെ നല്ല ഒരു ലൈബ്രറി റൂം
* കുട്ടികൾക്ക് വേണ്ടത്ര റഫറൻസ് പുസ്തകങ്ങൾ .
* ഗണിത, ശാസ്ത്ര, സാമൂഹ്യശാസ്ത്ര, ഐ.ടി. അധിഷ്ഠിത പുസ്തകങ്ങളും ഉണ്ടാകണം.
* ലൈബ്രറിയിൽ 'ഇ' വായനക്ക് സൗകര്യമുണ്ടാവണം.
* ആധുനീക രീതിയിൽ സജ്ജീകരിച്ച സയൻസ് ലാബിൽ സ്വയം പരീക്ഷണങ്ങൾ നടത്താനുള്ള സാഹചര്യമുണ്ടായിരിക്കണം.
* ഗണിതലാബിൽ ഗണിതവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ കൊണ്ട് നിറഞ്ഞതാകണം. അതിലൂടെ പഠനം നടക്കണം. ഇതെല്ലാം സ്വയം പഠനത്തിന് സഹായിക്കും.
* സാമൂഹ്യശാസ്ത്രലാബിലേക്കു കയറിയാൽ ചരിത്ര സംഭവങ്ങൾ നേരിട്ടനുഭവിക്കുന്ന അനുഭൂതിയുണ്ടാകണം. 3 ഡി ഇഫക്ട് വരുന്ന സിഡികൾ പ്രദർശിപ്പിക്കാനുള്ള സൗകര്യം കണ്ണടയുൾപ്പെടെ സാമൂഹ്യ ലാബിലുണ്ടാകണം.
* കായിക ശേഷി പഠിപ്പിക്കാൻ ഒരു ജിംനേഷ്യൻ ഉണ്ടായിരിക്കണം.
* നീന്തൽകുളം അത്യാവശ്യമാണ്.
* ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കാനാവശ്യമായ വിവിധതരം ചെടികൾ, വളം, നനക്കാനുള്ള ഉപകരണങ്ങൾ വേണം.
* മാലിന്യസംസ്കരണത്തിന് ബയോഗ്യാസ് പ്ലാന്റ് ,സൗരോർജ്ജ പാനൽ
* അധ്യാപകർക്ക് എൻട്രിച്ച്മെന്റിനുവേണ്ട കാര്യങ്ങൾ
* രക്ഷിതാക്കൾക്ക് എവേർനെസ്സ് കൊടുക്കാൻ വേണ്ട സംവിധാനങ്ങൾ.



2025 - 2026

## അടിസ്ഥാനശാസ്ത്രം

പരീക്ഷണക്കുറി:- നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലളിതമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ നിർമ്മിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്രപരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു.

## മലയാളം

എന്റെ അവധിക്കാലം:-
പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു.

## വാർത്താലോകത്തേക്ക്

പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.

## സാമൂഹ്യശാസ്ത്രം

പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു.

2025 - 26

സംസ്കൃതം :—

ലക്ഷ്യം :—

* എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കൽ

* കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.

* സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ

* ഭാഷാശേഷി വികസിപ്പിക്കുന്നതായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ

* ഭാഷാ ലാബ്

പ്രവർത്തനങ്ങൾ —

* ടെസ്റ്റ് നടത്തി വിടവുകളും പരിമിതികളും കണ്ടെത്തുന്നു.
* പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
* വിവിധ സാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ ജീവചരിത്രക്കുറിപ്പുകൾ എന്നിവ ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ
* പതിപ്പുകൾ, മാഗസിനുകൾ, സംസ്കൃതദിനാചരണം, അസംബ്ലി
* സുഭാഷിത ശേഖരണം.

# പ്രോജക്ട്

* സംസ്കൃത സംഭാഷണ ശിബിരം :

സംസ്കൃത സംഭാഷണം പരിചയപ്പെടുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനു മായി സംഭാഷണ ശിബിരം സംഘടിപ്പിക്കൽ.

* പഠനയാത്ര സംഘടിപ്പിക്കൽ :

സംസ്കൃത സമിതിയുടെ നേതൃത്വത്തിൽ പഠനയാത്ര സംഘടിപ്പിക്കൽ

* വിവിധ ശില്പശാലകൾ :-

കഥാരചന, കവിതാരചന, ഉപന്യാസ രചന, പ്രശ്നോത്തരി നാടകം എന്നിവക്കായി പ്രത്യേകം ശില്പശാലകൾ സംഘടിപ്പിക്കൽ.

* സ്കോളർഷിപ്പ് പരിശീലനം :-

യു.എസ്. എസ്, സ്കോളർഷിപ്പ്, പ്രശ്നോത്തരി മത്സരങ്ങൾക്കായി പ്രത്യേക പരിശീലനം നൽകൽ.

## ഗണിതം

ഗണിതത്തിൽ വിദ്യാർത്ഥികൾക്ക് താല്പര്യം കുറയുവാൻ കാരണം ചതുഷ്ക്രിയകളുടെ അടിസ്ഥാന ധാരണയില്ലായ്മയാണെന്ന് മനസ്സിലാക്കി വിവിധ തരം കളികളിലൂടെയും നിരന്തര പ്രവർത്തനങ്ങളിലൂടെയും ചതുഷ്ക്രിയകളെ കൂടുതൽ എളുപ്പമാക്കാനും ഹൃദ്യമാക്കാനുമുള്ള പ്രവർത്തനങ്ങൾ നിരന്തരം ചെയ്യുന്നു.

ഗണിതം കൂടുതൽ രസകരമാക്കുവാനുള്ള ഗണിത ഉപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നുണ്ട്.

അസംബ്ലിയിൽ രസകരമായ ഗണിത ചോദ്യങ്ങളും മനക്കണക്കും അഭ്യസിപ്പിക്കുന്നു.

## ഇംഗ്ലീഷ്

ഇംഗ്ലീഷിനോട് ആഭിമുഖ്യമുണ്ടാക്കുവാനും തടസ്സങ്ങളില്ലാതെ സംസാരിക്കുവാനുമായി ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി പ്രവർത്തിക്കുന്നു.

വാർത്തകളും, സംഭാഷണ ശകലങ്ങളും, സ്കിറ്റുകളും അവതരിപ്പിക്കുന്നതിലൂടെ ഇംഗ്ലീഷ് സംസാരിക്കുവാനുള്ള വിദ്യാർത്ഥികളുടെ ആത്മവിശ്വാസം വർദ്ധിക്കുന്നു.

നിരന്തര മൂല്യനിർണ്ണയത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഏതൊരു വിഷയവും സങ്കോചമില്ലാതെ ഗ്രഹിക്കുവാനും വിവിധ ഭാഷകളിൽ ധൈര്യപൂർവ്വം സംവദിക്കാനുമുള്ള അറിവും വിശ്വാസവും വിദ്യാർത്ഥികൾക്ക് ഉണ്ടാകണമെന്ന നിർബന്ധത്തോടെ ചിട്ടയായുള്ള പ്രവർത്തനത്തിലൂടെ മികച്ച ഫലം ലഭ്യമാക്കുവാനുള്ള നിരന്തര ശ്രമത്തിലാണ്.

മാത്രമല്ല വിപത്താകുന്ന ലഹരിയിലേക്ക് കുഞ്ഞു മനസ്സുകളുടെ ശ്രദ്ധ ചെല്ലാത്ത വിധത്തിൽ മനസ്സിനും ശരീരത്തിനും ആരോഗ്യപ്രദമായ യോഗ ഫുട്ബോൾ, കൃഷി, വായന മുതലായ പ്രവർത്തനങ്ങളിൽ ലഹരി കണ്ടെത്തി പുതുതലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യബോധത്തിലേക്ക് നടന്നടുക്കുവാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുകയാണ് ഞങ്ങൾ. അങ്ങനെ സർവ്വ ഉന്നമനാ വിദ്യാഭ്യാസം എന്ന ലക്ഷ്യത്തിലേക്ക് വിദ്യാർത്ഥിസമൂഹത്തിന് വേണ്ട പ്രവർത്തനങ്ങളുമായി പ്രവർത്തിക്കുന്നു.

2024 - 2025

മലയാളം:-

മാതൃഭാഷയുടെ പഠനത്തിനാണ് ഈ വർഷം കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നത്. അതിനുവേണ്ടി മുൻവർഷങ്ങളിൽ ചെയ്ത 'ശ്രദ്ധ' പരിപാടി വളരെ മാറ്റങ്ങളോടെ ചെയ്യുന്നു. എഴുത്തിനും വായനയ്ക്കും ഒരുപോലെ പ്രാധാന്യം നൽകുന്ന വായനക്കുറി, അക്ഷരങ്ങളിൽ, കേട്ടെഴുത്ത്, പത്രവായന എന്നിവ നടത്തുന്നു.

ഗണിതം:-

ചതുഷ്ക്രിയകൾ കുട്ടികളെ ഗണിതത്തിനോട് താല്പര്യമുണ്ടാക്കുന്ന പ്രധാന കാരണമാണെന്ന് മനസ്സിലാക്കി, 'ശ്രദ്ധ' ക്ലാസ്സിനോടൊപ്പം 'മധുരംഗണിതം' എന്ന പരിപാടിയും നടത്തിയിട്ടുണ്ട്. എല്ലാ ചതുഷ്ക്രിയകളും പരിശീലനക്ലാസുകളും അതിൽ ഗുണപരമായ മാറ്റം ലഭിച്ച കുട്ടികളെ പ്രോത്സാഹനം നൽകി പറഞ്ഞയക്കുകയും ചെയ്യുന്നു.

* ഗണിതം പഠിക്കാൻ വേണ്ട കളിയുപകരണങ്ങൾ, പഠനസാമഗ്രികൾ എന്നിവ കൂട്ടായിരിക്കുന്നതാണ്.

*

ഇംഗ്ലീഷ്:-

ഇംഗ്ലീഷ് ഭാഷാപഠനം ആകർഷകമാക്കാൻ "Easy English" എന്ന ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആഴ്ചയിൽ ഒരു English day ആചരിക്കുകയും അന്നത്തെ ദിവസത്തെ പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രേരിപ്പിക്കുന്നു.

2024 - 2025

# സംസ്കൃതം

ഏതൊരു ഭാഷാ പഠനത്തിനും അനിവാര്യമാണ്. അക്ഷരജ്ഞാനം. അക്ഷരമാലാ ജ്ഞാനത്തിലൂന്നിയ ശൈലിയിലാണ് ഇവിടെ പഠനം നടന്നു കൊണ്ടിരിക്കുന്നത്. പാഠ്യാധിഷ്ഠിതമായും പുറമെയുള്ള സങ്കേതങ്ങൾ ഉപയോഗിച്ചും വായനക്കുള്ള സാഹചര്യം ഒരുക്കി കൊടുക്കുന്നുണ്ട്. ആധുനിക സമൂഹത്തിൽ സംസ്കൃതത്തിന്റെ ആവശ്യകതയും, ഈ ഭാഷ സമൂഹത്തിലുണ്ടാക്കുന്ന സദ്പരിവർത്തനത്തെ കുറിച്ചുമുള്ള വാർത്തകളും സന്ദേശങ്ങളും പരമാവധി കുട്ടികളിലേക്ക് എത്തിക്കുന്നുണ്ട്.

കലോത്സവങ്ങളെ മുന്നിൽകണ്ടും നൈസർഗികമായ കഴിവുകളുടെ പ്രകടനത്തിനുമായി കഥ, കവിത, ഉപന്യാസ രചനകൾക്കുള്ള പരിശീലനവും വാചന സാമർത്ഥ്യത്തിനായി സംസ്കൃത മാസികകളുടെ സഹായവും ചെയ്തു വരുന്നു. മാനസിക ഉന്മേഷത്തിനും ബുദ്ധിവികാസത്തിനും സംസ്കൃതക്രീഡകളും ബാലഗീതാലാപനവും പരിശീലിപ്പിക്കുവാനായി.

* വായനാ കാർഡുകളും, ചിത്രവർണ്ണ കാർഡുകളും, നൂതന സംസ്കൃതക്രീഡകളുടെ സിഡികളും ലഭ്യമാക്കണം.

* സംസ്കൃത മാസികകളുടെ ലഭ്യത കൂടുതലായി ഉറപ്പാക്കണം.

* സംസ്കൃത നാടക കഥകൾ ലഭ്യമാക്കണം.

2023-24

## മലയാളം

മലയാള ഭാഷാ പഠനത്തിന് അനിവാര്യമാണ് അക്ഷരജ്ഞാനം. ആയതിലേക്കായി 'ശ്രദ്ധ' എന്ന പേരിൽ ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട്. അത്തരം ക്ലാസുകൾക്ക് പ്രയോജനമാകും വിധം പോസ്റ്ററുകൾ, സ്റ്റിക്കറുകൾ, അക്ഷരപ്പസ്സുകൾ, വായന സിഡികൾ, കളികൾ മുതലായവ ലഭ്യമാക്കേണ്ടതുണ്ട്.

കഥ, കവിത മുതലായവയിലൂടെ അഭിരുചിക്ക് പ്രയോജനപ്പെടും സിഡികൾ വിധത്തിലൂടെ കഥാരചന, കവിതാരചന, അനുഭവക്കുറിപ്പ് ലഭ്യമാക്കണം.

## കായികത

കുട്ടികളുടെ കായികവും മാനസികവുമായ വളർച്ചക്കാവശ്യമായ യോഗ-പ്രവൃത്തിപരിചയ പഠനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കണം.

കായിക പഠനത്തിനായി ഉപകരണങ്ങൾ ലഭ്യമാക്കുകയും കളികളിലെ നിയമങ്ങൾ മനസ്സിലാക്കുവാൻ ഗൈഡുകൾ ലഭ്യമാക്കുകയും വേണം.

മേഖല : കൃഷി

ഗ്രോബാഗിൽ പലതരത്തിലുള്ള പച്ചക്കറികളും വളർത്തി വരുന്നുണ്ട്. വിദ്യാർത്ഥികളെ ഗ്രൂപ്പുകളാക്കി തിരിച്ച് നനക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

ഗ്രോബാഗുകളിൽ ചെടികൾ വളർത്തി സംരക്ഷിച്ചു പോരുന്നു.

കൃഷിക്കാവശ്യമായ ഉപകരണങ്ങളും മറ്റും ലഭ്യമാക്കേണ്ടതുണ്ട്.

മേഖല : യോഗ

ശരീരത്തിനും മനസ്സിനും ഒരുപോലെ ആരോഗ്യപ്രദമായ യോഗ പരിശീലനം ബുധനാഴ്ചകളിൽ നടന്നു വരുന്നു. ആയാസകരമായ വ്യായാമ മുറകൾ അഭ്യസിക്കുവാൻ വിദ്യാർത്ഥികളും താല്പര്യപ്പെടുന്നു.

കൃത്യതയോടെയും മുറപോലെയും ചെയ്യുന്നതിനു വേണ്ടതായ സജ്ജീകരണങ്ങളും ഉല്പന്നങ്ങളും ലഭ്യമാക്കേണ്ടതുണ്ട്.

മേഖല : **സർഗ്ഗാത്മകത**

കുട്ടികളിലെ സർഗ്ഗാത്മക-സാഹിത്യ-കലാ പ്രതിഭ വളർത്തുന്നതിന് എൻ.എം. ഗേൾസിലെ എ.യു.പി.എസ് എന്ന പേരിൽ ഒരു ക്ലാസ് നടന്നു വരുന്നു. കുട്ടികളിലെ സർഗ്ഗാത്മകത വളർത്തുന്നതിനും എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ടുമുള്ള ടി. പ്രോഗ്രാം വളരെ നല്ല ഉൾക്കാഴ്ചയോടെ ചിട്ടപ്പെടുത്തിയിരിക്കുന്നു.

കുട്ടികൾക്ക് സഭാകമ്പം ഇല്ലാതാക്കുവാനും പേടി കൂടാതെ സദസ്സിനെ അഭിസംബോധന ചെയ്യുവാനും ഈ പ്രോഗ്രാം വളരെ ഫലപ്രദമാണ്.

കലാ-സാഹിത്യ അഭിരുചികളെ പോഷിപ്പിക്കുമാറുള്ള സാമഗ്രികൾ ലഭ്യമാക്കേണ്ടതുണ്ട്.

മേഖല : **ഗണിതം**

കണക്കിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി സംഖ്യാബോധം, ചതുഷ്ക്രിയകൾ, കളികളിലൂടെ കണക്ക് എന്നിവക്ക് പ്രാധാന്യമേകി "ടീം മാത്ത്" എന്ന ക്ലാസ് നടന്നു വരുന്നു. കളികളിലൂടെയുള്ള പ്രവർത്തനമായതിനാൽ ഗണിതപ്പേടിയകറ്റുവാൻ ഈ ക്ലാസ് ഏറെ ഉപകാരപ്രദമാണ്.

ഗണിതോപകരണങ്ങൾ കൂടുതലായും ലഭ്യമാക്കേണ്ടതുണ്ട്.